ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു. ലോക്സഭയും രാജ്യസഭയും 2 മണിവരെ നിർത്തിവെച്ചു.

**Both the Houses of Parliament have been adjourned till 2:00 PM following opposition parties' uproar over various issues.**

2. ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ചു. കർത്തവ്യപഥിൽ നടക്കുന്ന പൊതുപരിപാടി പ്രധാനമന്ത്രി വൈകിട്ട് അഭിസംബോധന ചെയ്യും.

**Prime Minister Narendra Modi dedicates Kartavya Bhavan in New Delhi to the Nation; He will address Public Event at Kartavya Path in the Evening**

3. ഉത്തരാഖണ്ഡിലെ മിന്നൽ പ്രളയത്തിൽ അകപ്പെട്ട 130 പേരെ രക്ഷപ്പെടുത്തി. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

In Uttarakhand, Over 130 people have been safely evacuated so far after a devastating cloudburst triggered a flood in Uttarkashi district. Relief and rescue operations are at a war footing.

4. റിപ്പോ നിരക്ക് 5.5 ശതമാനമായി നിലനിർത്തി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.

RBI has decided to keep the repo rate to 5.5 per cent.

5. രാജ്യത്ത് പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിലെ വാർഷിക വളർച്ചാ നിരക്കിൽ കേരളത്തിന് ഒന്നാം സ്ഥാനം.

Kerala Ranks first in annual growth rate of Rural Solar Power Installations in the country.

&&&&&&&&&&&&&&&&&&

# HEADLINE-1

**PARLIAMENT (INTRO)**

*വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു. ലോക്സഭയും രാജ്യസഭയും 2 മണിവരെ നിർത്തിവെച്ചിരിക്കുകയാണ്. ഉത്തരാഖണ്ഡിലെ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലോക്സഭയിൽ ഭരണപക്ഷ അംഗങ്ങൾ പരാമർശിക്കുകയുണ്ടായി. ലോകത്തെ നടുക്കിയ ഹിരോഷിമ അണുബോംബ് സ്ഫോടനത്തിന്റെ 80-ാം വാർഷികമായ ഇന്ന്*

***സഭ ശ്രദ്ധാഞ്ജലി അർപ്പിച്ചു. മാനവരാശിക്ക് വെല്ലുവിളിയാകുന്ന ആണവായുധങ്ങൾക്കെതിരെ ലോക്സഭാ പ്രതിജ്ഞാബദ്ധമാണെന്ന് സ്പീക്കർ ഓംബിർള പറഞ്ഞു.***

***(ഹോൾഡ്സ് - വോയിസ്)***

&&&&&&&&&&&&&&&&&&

# HEADLINE-2

**PM - KARTHAVYA BHAVAN**

ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. വൈകിട്ട് കർത്തവ്യപഥിൽ നടക്കുന്ന പൊതുപരിപാടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഡൽഹിയിലെ വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കൂടക്കീഴിലാക്കി കാര്യക്ഷമത, നവീകരണം, സഹകരണം എന്നിവ വർദ്ധിപ്പിക്കുന്നതിനാണ് കർത്തവ്യ ഭവൻ - 3 രൂപകൽപ്പന ചെയ്തിരിക്കുന്നത്. ആഭ്യന്തരം, വിദേശകാര്യം, ഗ്രാമവികസനം, MSME, പെട്രോളിയം, പ്രകൃതിവാതകം, തുടങ്ങിയവയുൾപ്പെടെ നിരവധി പ്രധാന മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഓഫീസുകൾ കർത്തവ്യ ഭവൻ-3 ൽ പ്രവർത്തിക്കും.

&&&&&&&&&&&&&&&&&&

**PREZ-PM-INDIA PHILIPPINES**

ഇന്ത്യ - ഫിലിപ്പീൻസ് ഉഭയകക്ഷി ബന്ധം 'നയതന്ത്ര പങ്കാളിത്തം' എന്ന നിലയിലേക്ക് ഉയർത്തുന്നത് ഇരുരാജ്യങ്ങളും തമ്മിലുള്ള ബഹുമുഖ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് റോമാൽഡെസ് മാർക്കോസിന് രാഷ്ട്രപതി ഭവനിൽ ഔദ്യോഗിക സ്വീകരണവും വിരുന്നും നൽകി സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച ഫിലിപ്പീൻസിന് രാഷ്ട്രപതി നന്ദി അറിയിച്ചു. അതെസമയം, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിലിപ്പീൻസ് പ്രസിഡന്റും ന്യൂഡൽഹിയിൽ നടത്തിയ ഉഭയകക്ഷി ചർച്ചകളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം നയതന്ത്ര പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ധാരണയായി. 2025 മുതൽ 2029

വരെയുള്ള പഞ്ചവത്സര കർമ്മ പദ്ധതി ഇരുരാജ്യങ്ങളും അംഗീകരിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**PM–AGRICULTURE CONFERENCE**

എം.എസ്. സ്വാമിനാഥൻ ജന്മ ശതാബ്ദിയോട് അനുബന്ധിച്ചുള്ള അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച വരെയാണ് സമ്മേളനം. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവും പ്രമുഖ കാർഷിക ശാസ്ത്രജ്ഞനുമായ എം.എസ്. സ്വാമിനാഥന്റെ സ്മരണയ്ക്കായി നാണയവും സ്റ്റാമ്പും ചടങ്ങിൽ പുറത്തിറക്കും. സമ്മേളനത്തിൽ ശാസ്ത്രജ്ഞർ, നയരൂപകർത്താക്കൾ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

# HEADLINE-3

**UTTARAKHAND (INTRO)**

*ഉത്തരാഖണ്ഡിലെ ഉത്തരകാശിയിൽ ഘീർഗംഗ നദിയിലുണ്ടായ മിന്നൽ പ്രളയത്തിൽ അകപ്പെട്ട 130 പേരെ ഇതുവരെ രക്ഷപ്പെടുത്തി. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കരസേന, കേന്ദ്ര- സംസ്ഥാന ദുരന്ത പ്രതികരണ സേനകൾ, തുടങ്ങിയവ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാണ്. ഗംഗോത്രിയിൽ 80 ഓളം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി സ്ഥിതിഗതികൾ വിലയിരുത്തി. ദുരന്തമേഖലയിൽ അദ്ദേഹം വ്യോമനിരീക്ഷണം നടത്തി. ആവശ്യമായ എല്ലാ സഹായവും ഉറപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു.*

*(ഹോൾഡ് വോയ്സ്.....)*

*അതെസമയം, ഉത്തരാഖണ്ഡിൽ അടുത്ത മൂന്ന് ദിവസങ്ങളിൽ കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.*

&&&&&&&&&&&&&&&&&&

**HAAT ON WHEELS-GIRIRAJ**

11-ാമത് ദേശീയ കൈത്തറി ദിനാഘോഷത്തിന്റെ ഭാഗമായി "ഹാട്ട് ഓൺ വീൽസ്" മൊബൈൽ റീട്ടെയിൽ സംരംഭത്തിനും പ്രദർശനത്തിനും ന്യൂഡൽഹിയിൽ തുടക്കമായി. രാജ്യത്തിന്റെ പരമ്പരാഗത നെയ്ത്ത് രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രദർശനം ഉദ്ഘാടനം ചെയ്യവെ കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**NSA-RUSSIA**

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിന്റെ റഷ്യൻ സന്ദർശനം തുടരുന്നു. റഷ്യൻ മുതിർന്ന ഉദ്യോഗസ്ഥരുമായി അദ്ദേഹം നാളെ മോസ്കോയിൽ കൂടിക്കാഴ്ച നടത്തും. ഇന്ത്യ - റഷ്യ പ്രതിരോധ, സുരക്ഷാ സഹകരണം മുഖ്യ ചർച്ചാ വിഷയമാകും. ഇന്ത്യൻ ഉത്പന്നങ്ങൾക്ക് മേൽ യു എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ താരിഫ് പ്രഖ്യാപനത്തിന് ശേഷം നടക്കുന്ന സന്ദർശനം എന്ന നിലയിൽ പ്രധാന്യം ഏറുന്നു.

&&&&&&&&&&&&&&&&&&

**Supreme Court - Bihar EC**

ബിഹാറിലെ സമഗ്ര കരട് വോട്ടർ പട്ടികയിൽ നിന്ന് 65 ലക്ഷം വോട്ടർമാർ പുറത്തായി എന്ന ആരോപണങ്ങളിൽ ശനിയാഴ്ചയ്ക്കകം മറുപടി നൽകാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി നിർദേശം. 65 ലക്ഷം വോട്ടർമാരുടെ വിവരങ്ങൾ വെളിപ്പെടുത്തിയിട്ടില്ലെന്ന് ആരോപിച്ച് സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്. ഈ മാസം 1 ന് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് കരട് പട്ടിക രാഷ്ട്രീയ പാർട്ടികൾക്ക് പരിശോധിക്കാൻ നൽകിയോ എന്ന് വ്യക്തമാക്കാനും കോടതി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....**

(ബ്രേക്ക്)

&&&&&&&&&&&&&&&&&

## HEADLINE-4

**RBI –REPO RATE (INTRO)**

***റിപ്പോ നിരക്ക് 5.5 ശതമാനമായി നിലനിർത്തി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. മൂന്ന് ദിവസത്തെ പണനയ യോഗ തീരുമാനങ്ങൾ ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര മുംബൈയിൽ വാർത്താ സമ്മേളനത്തിൽ വിശദീകരിച്ചു. അടുത്ത സാമ്പത്തിക വർഷം രാജ്യത്തെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ച 6.5 ശതമാനമായിരിക്കുമെന്നും പണപ്പെരുപ്പം 3.1 ശതമാനമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.***

*(ഹോൾഡ് വോയ്സ്..........)*

&&&&&&&&&&&&&&&&&

## HEADLINE-5

**SOLAR ROOF TOP**

രാജ്യത്ത് പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിലെ വാർഷിക വളർച്ചാ നിരക്കിൽ കേരളത്തിന് ഒന്നാം സ്ഥാനം. പി.എം. സൂര്യഘർ പദ്ധതി അപേക്ഷകരിൽ നിന്ന് ഏറ്റവും കൂടുതൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചതിന്റെ ശതമാനത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചു. അപേക്ഷകരിൽ 67.44 ശതമാനം പേരും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. ആകെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചതിന്റെ എണ്ണത്തിൽ കേരളം നാലാം സ്ഥാനത്താണ്. ഈ വിഭാഗത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനത്ത് നിൽക്കുന്നത് ഗുജറാത്ത്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ്. എന്നാൽ ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുകയാണെങ്കിൽ വലിയ നേട്ടമാണ് കേരളം ഈ വിഭാഗത്തിലും കൈവരിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&

**VOTERS LIST**

കേരളത്തിൽ തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനുമുള്ള അവസരം നാളെ അവസാനിക്കും. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തു ലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## TOLL PLAZA

തൃശ്ശൂർ പാലിയേക്കര ടോൾ പ്ലാസയിൽ ടോൾ പിരിക്കുന്നത് നിർത്തി വയ്ക്കാൻ ഹൈക്കോടതി ഉത്തരവ്. നാലാഴ്ചത്തേക്ക് ടോൾ പിരിവ് നിർത്താനാണ് നിർദ്ദേശം. ഇടപ്പള്ളി–മണ്ണുത്തി ദേശീയപാതയിലെ ഗതാഗതക്കുരുക്കിന് ദേശീയപാത അതോറിറ്റി ഉടൻ പരിഹാരം കാണാണമെന്നും കോടതി നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ ചിലയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

## PETTIMUDI TRAGEDY

എഴുപത് പേരുടെ ജീവനെടുത്ത പെട്ടിമുടി ദുരന്തത്തിന് ഇന്ന് അഞ്ച് വയസ്സ്. 2020 ഓഗസ്റ്റ് 6ന് രാത്രിയാണ് തോരാത്ത മഴയ്ക്കൊപ്പം ഉരുൾപൊട്ടലിന്റെ രൂപത്തിലെത്തിയ ദുരന്തം പെട്ടിമുടിയിലെ നാല് ലൈൻ ലയങ്ങളിലുണ്ടായിരുന്ന 70 പേരുടെ ജീവനെടുത്തത്. കണ്ണൻ ദേവൻ പ്ലാന്റേഷന്റെ ഭാഗമായ രാജമലയുടെ മുകളിൽ നാല് തൊഴിലാളി ലയങ്ങളിലെ 22 കുടുംബങ്ങളിലായി കിടന്നുറങ്ങിയിരുന്ന തോട്ടം തൊഴിലാളികളും ബന്ധുക്കളുമായിരുന്നു ദുരന്തത്തിൽ മരിച്ചത്. അഞ്ചാം വാർഷിക ദിനമായ ഇന്ന് ഉറ്റവരെ സംസ്കരിച്ച രാജമല ഫാക്ടറിക്കു സമീപമുളള ശ്മശാനത്തിൽ ബന്ധുക്കളും സുഹൃത്തുക്കളും ഉൾപ്പെടെയുള്ളവരെത്തി പ്രാർഥന നടത്തി.

&&&&&&&&&&&&&&&&&&

**TN FISHERMEN - ARREST**

അന്താരാഷ്ട്ര സമുദ്ര അതിർത്തി ലംഘിച്ചതിന് പതിനാല് ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ നാവികസേന അറസ്റ്റ് ചെയ്തു. രാമേശ്വരത്ത് നിന്നും മത്സ്യബന്ധനത്തിന് പോയ മത്സ്യത്തൊഴിലാളികളാണ് പിടിയിലായത്.

&&&&&&&&&&&&&&&&&&

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 81 പോയിന്റ് താഴ്ന്ന് 80,629 ലും,ദേശീയ ഓഹരി സൂചിക നിഫ്റ്റി 51 പോയിന്റ് നഷ്ടത്തിൽ 24,598 ലും വ്യാപാരം പുരോഗമിക്കുന്നു .സ്വർണ്ണ വില പവന് വീണ്ടും 75,000 രൂപ കടന്നു.

&&&&&&&&&&&&&&&&&&

**PAK-REFUGEE DEPORTATION**

പാക്കിസ്ഥാനിൽ കഴിയുന്ന 1.3 ദശലക്ഷത്തിലധികം അഫ്ഗാൻ അഭയാർത്ഥികളെ തിരികെ അയക്കുന്ന നടപടിക്രമങ്ങൾ അടുത്ത മാസം 1 മുതൽ ആരംഭിക്കുമെന്ന് പാകിസ്ഥാൻ സർക്കാർ. അഭ്യയാർഥികളുടെ പി ഒ ആർ കാർഡുകളുടെ കാലാവധി ജൂൺ 30 ന് അവസാനിച്ചിരുന്നു.

&&&&&&&&&&&&&&&&&&

**ZELENSKYY- TRUMP TALKS**

റഷ്യയുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് യു എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി ഫലപ്രദമായ ചർച്ച നടത്തിയതായി യുക്രൈൻ പ്രസിഡന്റ് വൊളോഡിമർ സെലൻസ്കി. യുക്രൈൻ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന റഷ്യൻ ആക്രമണങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ചയായി. റഷ്യക്ക് മേൽ ഏർപ്പെടുത്തിയ ഉപരോധത്തെ കുറിച്ചും ഇരുനേതാക്കളും ചർച്ച ചെയ്തതായി യുക്രൈൻ പ്രസിഡൻറ് സമൂഹമാധ്യമത്തിൽ അറിയിച്ചു. യുക്രൈനും യു എസും

തമ്മിലുള്ള പുതിയ ഉഭയകക്ഷി പ്രതിരോധ കരാറിന്റെ കരട് തയ്യാറായതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&